**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**09.07.2014 - ലെ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 6650**

## നാട്ടിക – ചൊവ്വൂർ പ്രദേശത്ത് വ്യവസായ എസ്റ്റേറ്റ്

ചോദ്യം
ശ്രീമതി. ഗീതാ ഗോപി

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) നാട്ടിക മണ്ഡലത്തിലെ ചൊവ്വൂർ പ്രദേശത്ത് ഫർണിച്ചർ - കൊത്തുപണി തൊഴിൽ മേഖല കേന്ദ്രീകരിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൻ ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ; | (എ) : തൃശ്ശൂർ ജില്ലയിൽ ചൊവ്വൂർ പ്രദേശത്തെ പരമ്പരാഗത ഫർണിച്ചർ തൊഴിൽ മേഖലയിലെ യൂണിറ്റുകൾ ചേർന്ന് ക്ലസ്റ്റർ വികസന പദ്ധതിയിൽ കൺസോർഷ്യം രൂപീകരിച്ച് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കുകയാണെങ്കിൽ സിഡ്കോയുടെ ആഭിമുഖ്യത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് ചെയ്തുകൊടുക്കുന്നത് വിശദമാക്കുമോ ; | (ബി) : താഴെപ്പറയുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വേണ്ടി ചെയ്തു കൊടുക്കുന്നു :<br>• ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി സ്ഥാപനങ്ങൾക്ക് Entrepreneurs Memorandum Part -1 ഫയൽ ചെയ്തു കൊടുക്കുന്നു.<br>• സ്ഥാപനം ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം/കെട്ടിടം എന്നിവ അനുവദിച്ച് നൽകുന്നു.<br>• സംരംഭം ആരംഭിക്കുന്നവർക്ക് ബോധവൽക്കരണ ക്യാമ്പുകളും, ഹ്രസ്വകാല പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു,<br>• സംരംഭം പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വിവിധ വകുപ്പുകളിൽ |

നിന്നും ലഭിക്കേണ്ടതായ നിരാക്ഷേപ പത്രങ്ങൾ, അനുമതികൾ എന്നിവ സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സൗകര്യം ഏകജാലക ക്ലിയറൻസ് ബോർഡ് വഴി നൽകുന്നു.

- ടി.എഫ്.ആർ. ബാങ്കുകൾക്ക് നൽകി വായ്പ ലഭിക്കുന്നതിനുള്ള സഹായം ചെയ്തു കൊടുക്കുന്നു.
- സംരംഭങ്ങളുടെ സ്ഥിര മൂലധന നിക്ഷേപത്തിന് ആനുപാതികമായി സംരംഭക സഹായ പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു.
- എക്സിബിഷൻ, ട്രെയ്ഡ് ഫെയർ എന്നിവ സംഘടിപ്പിച്ച് സ്ഥാപനങ്ങളുടെ ഉല്പന്ന വിപണനത്തിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.
- പ്രവർത്തനം ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് Entrepreneurs Memorandum Part -II ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നു.
- സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനായി ഗൈഡൻസ് സെൽ പ്രവർത്തിക്കുന്നു.

| | |
|---|---|
| (സി) ചൊവ്വൂർ പ്രദേശത്തെ മരപ്പണിക്കാരെ ഏകോപിപ്പിച്ച് ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ മുൻകയ്യെടുക്കുമോ? | (സി) : ചൊവ്വൂർ പ്രദേശത്തെ ഇരുപത്തിയഞ്ചോളം യൂണിറ്റുകളെ യോജിപ്പിച്ച് ഒരു ക്ലസ്റ്റർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.